**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1832 11.02.2013 - ൽ മറുപടിയ്ക്ക്

**<u>വയോജനങ്ങളുടെ സംരക്ഷണം</u>**

ചോദ്യം
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പരിചരിക്കാനാളില്ലാത്ത വയോജനങ്ങളുടെ സംരക്ഷണത്തിന്, എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; | (എ) | പരിചരിക്കുവാൻ ആളില്ലാത്ത വയോജനങ്ങളുടെ സംരക്ഷണത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ എല്ലാ ജില്ലകളിലുമായി പതിനഞ്ച് വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും ക്ഷേമത്തിനും പരിരക്ഷക്കുമുള്ള നിയമ പ്രകാരമുള്ള ചട്ടങ്ങൾ സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്. റവന്യൂ ഡിവിഷണൽ ഓഫീസർമാരെ മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ അപ്പലേറ്റ് ട്രൈബ്യൂണലും ആയി നിയമിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് സംവിധാനം, മൊബൈൽ ക്ലിനിക്ക് സൗകര്യം, വയോജനങ്ങൾക്ക് വീട്ടിൽ വന്ന് ആശുപത്രികളിൽ എത്തുന്നതിന് ആംബുലൻസ് സൗകര്യം, വൃദ്ധരായ രോഗികളുടെ വീട്ടിൽ എത്തിയുള്ള പാലിയേറ്റീവ് കെയർ എന്നീ സേവനങ്ങൾ ലഭ്യമാക്കുന്ന വയോമിത്രം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | സാധാരണ കെയർ ഹോമുകളുടെ പരിധിയിലോ, ആശുപത്രികളുടെ ഇൻപേഷ്യന്റ് വിഭാഗത്തിലോപ്പെടാത്തതും, എന്നാൽ ശുശ്രൂഷിക്കാൻ ആളില്ലാത്തതും മരണാസന്നരും ചികിത്സിച്ചിട്ട് പ്രയോജനമില്ലാത്തതുമായ രോഗികളെ സംരക്ഷിക്കുന്നതിന് സംസ്ഥാനത്ത് ഇപ്പോൾ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | തെരുവിൽ ഉപേക്ഷിക്കപ്പെട്ടവരോ, പരിചരിക്കാൻ ആരുമില്ലാത്തവരോ ആയ വൃദ്ധജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ദുർബല വിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി പ്രകാരം സന്നദ്ധ സംഘടനകൾ നടത്തുന്ന തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്ക് ഒരു അന്തേവാസിക്ക് പ്രതിമാസം 750/- രൂപ നിരക്കിൽ സാമൂഹ്യനീതി വകുപ്പ് ധനസഹായം അനുവദിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഇത്തരക്കാരെ സംരക്ഷിക്കുന്നതിന് വികസിത രാജ്യങ്ങളിൽ നിലവിലുള്ള കൺവാസലന്റ് ഹോം എല്ലാ മെഡിക്കൽ കോളേജുകളും കേന്ദ്രീകരിച്ച്കൊണ്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല. |

R. Vijayan

സെക്ഷൻ ഓഫീസർ